<u>പ്രത്യേക ശിപാർശ</u>

പാലക്കാട്, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങൾ കാലാവസ്ഥാ വ്യതിയാനം, മഴയുടെ ലഭ്യതക്കുറവ് എന്നീ കാരണങ്ങളാൽ വരൾച്ച നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഴനിഴൽ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലേക്കായി പുതിയ ശീർഷകം അനുവദിച്ച് 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>പ്രത്യേക ശിപാർശ</u>

അന്തർ സംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായി പുനരവലോകനം ചെയ്യണമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതു സംബന്ധിച്ച ഒരു സ്ഥിരം കർമ്മസമിതിക്ക് രൂപം നൽകുന്നതിലേയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

അന്തർ സംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായി പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം കർമ്മ സമിതി രൂപീകരിക്കുന്ന കാര്യം നയപരമായി തീരുമാനിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ഭാഗം - II</u>

2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 7-ലെ ശിപാർശയിന്മേലുള്ള നടപടിപത്രിക ലഭ്യമായിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2018 ജൂൺ 21.

